ഉത്തരം

(എ) റാന്നി താലൂക്കിൽ ചിറ്റാർ സീതത്തോട് വില്ലേജിൽ ഉൾപ്പെടുന്ന 1598 ഹെക്ടർ 14 ആർ 80 ച. മീറ്റർ (3947 42 55 ഏക്കർ) സ്ഥലം 1275 സർവേ നമ്പരുകളിൽ 3643 ബ്ളോക്കുകളിലായി കക്കാട്ടുവാലി ഭക്ഷ്യോൽപ്പാദന മേഖലയിൽ കൃഷിക്കാർക്കായി കുത്തകപ്പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതിനും പിന്നീട് കൈവശം വച്ചനുഭവിക്കുന്നതിനുമായി തിരുവിതാംകൂർ സർക്കാർ നൽകിയിട്ടുണ്ട്.

(ബി) 3360 ബ്ളോക്കുകൾക്ക് പട്ടയം നൽകിയിട്ടുള്ളതും ഇനിയും 283 ബ്ളോക്കുകൾക്ക് പട്ടയം നൽകാനുള്ളതുമാണ്. ഇനിയും പട്ടയം നൽകാനുള്ള ബ്ളോക്കുകളുടെ സർവ്വേ നമ്പരുകൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) തിരുവിതാംകൂർ സർക്കാർ കക്കാട്ടുവാലി ഭക്ഷ്യോൽപ്പാദന മേഖലയിൽ 1950-ന് മുമ്പ് വനം വകുപ്പിന്റെ സ്ഥലം കുത്തകപ്പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതിനും പിന്നീട് കൈവശം വച്ച് അനുഭവിക്കുന്നതിനും നൽകിയിട്ടുള്ളതാണ്. 1982-ൽ സംയുക്ത പരിശോധന നടത്തി ജണ്ട കെട്ടിതിരിച്ചിട്ടുള്ള ഭൂമി 1-1-1977-ന് മുമ്പുള്ള വനഭൂമി കൈവശഭൂമിയിൽ ഉൾപ്പെട്ടതാണ്. മേൽപ്പടി ഭൂമിയും കക്കാട്ടുവാലി ഭക്ഷ്യോൽപ്പാദന മേഖലയിലെ ഭൂമിയും വ്യത്യസ്ഥമാണ്.

(ഡി) & (ഇ) ഇനിയും പട്ടയം നൽകാനുള്ള 283 ബ്ളോക്കുകൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമിക്ക് പട്ടയം ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കൈവശ കൃഷിക്കാർക്ക് പട്ടയം

14 [3534] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ മൂഡംബയൽ വില്ലേജിലെ അഡ്ക്കത്തുഗുരിയിലെ ശ്രീമതി രോഹിണി (w/o ശിവരാമ) ഉൾപ്പെടെ 35 കൈവശ കൃഷിക്കാർ നൽകിയ പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഉണ്ട്. 35 അപേക്ഷകരിൽ അർഹരായ 8 പേർക്ക് കൈവശ ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ബാക്കിയുള്ള 27 അപേക്ഷകർക്ക് പതിച്ചുകിട്ടാൻ അപേക്ഷിച്ച ഭൂമി പൊതു ആവശ്യത്തിന് നീക്കിവച്ച തായതിനാലും കൈവശം വച്ച് അനുഭവിച്ച് വരാത്തതിനാലും പതിച്ചു നൽകാൻ നിർവാഹമില്ലെന്ന് അറിയിച്ചിട്ടുണ്ട്.

പിറവം കേന്ദ്രമായി താലൂക്ക്

15 [3535] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം കേന്ദ്രമായി താലൂക്ക് സ്ഥാപിക്കുമോ;

(ബി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് സർക്കാരിന് ആരിൽനിന്നെല്ലാം നിവേദനം ലഭിച്ചിട്ടുണ്ട്;

(സി) പുതിയ താലൂക്കുകൾ ആരംഭിക്കുമ്പോൾ പിറവത്തും താലൂക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(സി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മുൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്. സുന്ദരേശനെ ഏകാംഗകമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. അദ്ദേഹം ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെട്ടതിനെ തുടർന്ന് കമ്മീഷന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു. പുതിയ കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ താലൂക്കുകൾ ആരംഭിക്കുകയുള്ളൂ.

അങ്കമാലി കേന്ദ്രമായി താലൂക്ക് രൂപീകരിക്കാൻ നടപടി

16 [3536] *ശ്രീ. പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly